പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2837. 2/04/2013-ലെ മറുപടിയ്ക്ക്

## റവന്യൂ ഡിവിഷൻ ഓഫീസ് മാറ്റി സ്ഥാപിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) | |
| (എ) | അങ്കമാലി, ആലുവ, പറവൂർ എന്നീ നിയോജക മണ്ഡലത്തിലുള്ളവർ വിവിധകേസുകളുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയുടെ പടിഞ്ഞാറെ അറ്റത്ത് സ്ഥിതിചെയ്യുന്ന ഫോർട്ടുകൊച്ചി റവന്യൂ ഡിവിഷണൽ ഓഫീസിൽ എത്തിച്ചേരുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത നിയോജകമണ്ഡലത്തിലുള്ളവരുടെയും അങ്കമാലിയിലെയും മലയോരപ്രദേശങ്ങളിലെയും ജനങ്ങളുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഫോർട്ടുകൊച്ചിയിലെ ആർ.ഡി.ഒ ഓഫീസ് കാക്കനാട്/ആലുവ/ എറണാകുളം എന്നിവിടങ്ങളിൽ എവിടെയെങ്കിലും മാറ്റിസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഫോർട്ട് കൊച്ചിയിലെ റവന്യൂ ഡിവിഷണൽ ഓഫീസ് കാക്കനാട്/ആലുവ/എറണാകുളം എന്നിവിടങ്ങളിൽ എവിടെയെങ്കിലും മാറ്റി സ്ഥാപിച്ചാലും ജനസാന്ദ്രത കൂടിയ സ്ഥലങ്ങളായ കൊച്ചി വൈപ്പിൻ തുടങ്ങിയ പശ്ചിമ കൊച്ചിയിൽ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ താമസിക്കുന്നവർക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതാണ്. ആയതിനാൽ ടി ഓഫീസ് മാറ്റുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.